ഖുത്ബ
22.10.2004
ബയ്ത്തുൽ ഫുത്തൂഹ്,
ലണ്ടൻ.

بسم الله الرحمن الرحيم

# ഈ റമളാനിൽ പരിവർത്തനമുണ്ടാക്കുമെന്ന് ഓരോ അഹ്മദിയും പ്രതിജ്ഞ ചെയ്യുക.

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ

(2:187)

ഇതിന്റെ തർജ്ജമ ഇങ്ങനെയാണ്. "എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്ന പക്ഷം, നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നല്കും; അവൻ എന്നെ വിളിച്ച് പ്രാർത്ഥിക്കുമ്പോൾ, അതുകൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി." (2:187)

റമസാൻ ആരംഭിച്ച ഉടനെ തന്നെ ഇത് അനുഗൃഹീതമാസമാണെന്നും ഇതിൽ ദുആ സ്വീകരിക്കപ്പെടുമെന്നുമുള്ള വിചാരം ഉണ്ടാകുന്നു. അതുകൊണ്ട് ജനങ്ങൾ പൊതുവെ പള്ളിയിലേക്ക് പോകാൻ തുടങ്ങുന്നു. പള്ളികളിലെ ഹാജർ നില ഉയരുന്നു. സുബ്ഹി നമസ്കാരത്തിന്റെ ഹാജർ നില മഗ്രിബിനും, ഇശായ്ക്കും ഉണ്ടാകുന്നതിനെക്കാൾ കൂടുതലായി ചില ദിനങ്ങളിലുണ്ടാകുന്നു. ആദ്യത്തെയോ രണ്ടാമത്തെയോ നോമ്പിന്റെ ദിവസത്തെക്കുറിച്ച്, ഇന്ന് മസ്ജിദ് ഫള്‌ലിലെ ഹാജർനില വളരെ കൂടുതലായിരുന്നുവെന്നും ഹാൾ നിറഞ്ഞതിനുശേഷവും ജനങ്ങൾ നമസ്കാരത്തിന്നായി അവിടെയും ഇവിടെയും സ്ഥലം തേടി നടക്കുകയായിരുന്നുവെന്നും ആരോ എന്നെ എഴുതി അറിയിക്കുകയുണ്ടായി.

ലോകത്തെ മറ്റുസ്ഥലങ്ങളിൽ നിന്നും പട്ടണങ്ങളിൽനിന്നും രാജ്യങ്ങളിൽനിന്നും 'മാശാ അല്ലാഹ് പള്ളികൾ ഈയിടെയായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ വലിയ തേജസ്സ് കാണിച്ചുകൊണ്ടിരിക്കുന്നു' എന്ന വിവരം കിട്ടിക്കൊണ്ടിരിക്കുന്നു. ഹൃദയം സന്തോഷിക്കുന്നു. ലോകത്തെ കെട്ടുപാടുകളും സുഖകരമായ കിടക്കകളും ഉപേക്ഷിച്ച് രാവിലെ എഴുന്നേല്ക്കണമെന്നും തഹജ്ജുദ് നമസ്കരിക്കണമെന്നും നോമ്പു പിടിക്കണമെന്നും പള്ളിയിൽ നമസ്കാരത്തിനായി പോകണമെന്നും ഏക ദൈവത്തെ ആരാധിക്കണമെന്നും സ്വന്തം തെറ്റുകളേയും വീഴ്ചകളേയും പാപങ്ങളേയും പൊറുപ്പിക്കണമെന്നുമുള്ള വിചാരം ജനങ്ങൾക്കുണ്ടായിരിക്കുന്നു. അല്ലാഹു തആല റമസാനിൽ തന്റെ ദാസരുടെ മേൽ അനുഗ്രഹം ചൊരിഞ്ഞുകൊണ്ട് പൊറുക്കലിന്റെ കവാടങ്ങൾ തുറന്ന കാരണത്താലാണ് ഈ വിചാരം ഉണ്ടായിരിക്കുന്നത്. ഇതിൽ നിന്ന് ഫലമെടുക്കണമെന്ന് ഓരോരുത്തരും ആഗ്രഹിക്കുന്നു. ആരാണോ ഈമാന്റെ തേട്ടമനുസരിച്ചും പ്രതിഫലേച്ഛയോടും കൂടി റമസാന്റെ രാത്രിയിൽ എഴുന്നേറ്റ് നമസ്കരിക്കുന്നത് അവന്റെ മുൻകാല പാപങ്ങൾ പൊറുക്കപ്പെടുമെന്ന് അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞിരിക്കുന്നു. മനുഷ്യൻ തെറ്റുകളുടെ പാവയാണ്. ധാരാളം തെറ്റുകൾ നിത്യവും ഉണ്ടാകുന്നു. പാപങ്ങൾ ഉണ്ടാകുന്നു. അതുകൊണ്ട്, അല്ലാഹു നല്കിയ അവസരത്തിൽ നിന്ന് ഫലമെടുക്കണമെന്ന് ഓരോരുത്തരും ആഗ്രഹിക്കുന്നു. സ്വന്തം പാപങ്ങൾ മാപ്പാക്കുന്നതിനുവേണ്ടി അല്ലാഹുവിനോട് പൊറുക്കലിനെ തേടണം. എന്നാൽ, ഓർമിക്കുക. ഈമാൻ എന്താണോ ആഗ്രഹിക്കുന്നത് അത് പൂർത്തിയാക്കി നമസ്കരിക്കണം. ഈമാന്റെ തേട്ടമെന്താണ്? എന്താണ് ഈമാൻ ആവശ്യപ്പെടുന്നത്? പതിനൊന്നു മാസം ആരാധനയിലേക്കും നമസ്കാരത്തിലേക്കും സമസൃഷ്ടികളോടുള്ള കടമ നിർവഹിക്കുന്നതിലേക്കും ശ്രദ്ധയില്ലാതിരിക്കുകയും, പന്ത്രണ്ടാമത്തെ മാസം അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധ ഉണ്ടാകുകയും ചെയ്യുക എന്നതാണോ ഈമാൻ ആവശ്യപ്പെടുന്നത്? മുൻകഴിഞ്ഞ പാപം പൊറുക്കപ്പെടുന്നതിനുവേണ്ടി ഇങ്ങനെയാണോ വേണ്ടത്? അല്ല. ഈമാൻ ആവശ്യപ്പെടുന്നത്, നിങ്ങൾ അല്ലാഹുവിനോടും അവന്റെ റസൂൽ(സ) നോടും ഹസ്റത്ത് മസീഹ് മൗഊദ് (അ) നോടും ചെയ്തിട്ടുള്ള പ്രതിജ്ഞ പൂർത്തിയാക്കുക എന്നതാണ്. ഒരു റമസാനിൽ നിങ്ങളുണ്ടാക്കിയ മാറ്റം, ആ മാറ്റങ്ങളെ നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കണം. അല്ലാഹുവും അവന്റെ റസൂലും നല്കിയിട്ടുള്ള കല്പനകളനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. തുടർകാലങ്ങളിൽ ഈ തിന്മകൾ ഉള്ളിൽ കടക്കാൻ അനുവദിക്കുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുകയും വേണം. പിന്നീട് അല്ലാഹുവിന്റെ സ്നേഹ ദൃഷ്ടി നമ്മളിൽ പതിയുന്നതാണ്. മുൻകാല പാപങ്ങൾ പൊറുക്കുകയും ചെയ്യും. ഞാനോതിയ വചനം നോമ്പിനെക്കുറിച്ചാണ്, റമളാനെക്കുറിച്ചാണ്. വിശുദ്ധ ഖുർആനിലെ ഇത് സംബന്ധമായ കല്പനകളുടെ

ഇടയിലാണ് ഈ വചനം വെച്ചിട്ടുള്ളത്. ഇതിൽ നിന്നു മനസ്സിലാകുന്നത് അല്ലാഹു തആല ഈ ദിനങ്ങളിൽ തന്റെ ദാസരുടെ മേൽ സ്നേഹദൃഷ്ടി പതിപ്പിക്കാനും വഴിതെറ്റിയവരെ തിരിച്ചുകൊണ്ടുവരാനും അവരുടെ ആരാധനയുടെ നില ഉയർത്താനും ആഗ്രഹിക്കുന്നുവെന്നാണ്. ഇതിൽ അല്ലാഹു പറയുന്നത്, എന്റെ ദാസൻ എന്നെക്കുറിച്ച് ചോദിക്കുമ്പോൾ എന്നാണ്. എന്റെ ദാസൻ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ആശിഖാനെ ഇലാഹി - അല്ലാഹുവിന്റെ അനുരക്തനാണെന്ന് ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) എഴുതിയിരിക്കുന്നു. അല്ലാഹുവിനോട് അനുരാഗമുള്ളവനാരാണ്? യഥാർത്ഥ അനുരാഗമുള്ളവൻ തന്റെ പ്രേമഭാജനത്തിന്റെ എല്ലാ കാര്യങ്ങളും അംഗീകരിക്കുന്നു. ലൗകിക പ്രേമഭാജനങ്ങളിൽ നല്ലതും ചീത്തതുമായ എല്ലാ കാര്യങ്ങളും ഉണ്ടാകും. അല്ലാഹുവിന്റെ അസ്തിത്വത്തെ സംബന്ധിച്ചിടത്തോളം, അവനോടുള്ള സ്നേഹത്തിൽ നേട്ടമല്ലാതെ മറ്റൊന്നുമല്ല. ഇവിടെ നേട്ടം മാത്രമെയുള്ളൂ. എല്ലാ നന്മയുടെയും ഉറവിടമാണവൻ. എല്ലാ തിന്മകളേയും അടിച്ചമർത്തുന്നവനാണ്. എല്ലാ ബുദ്ധിമുട്ടുകളിൽ നിന്നും രക്ഷ നല്കുന്നവനാണ്.

അവൻ പറയുന്നു: എന്നോടു ചോദിക്കുക ഞാൻ നിങ്ങളുടെ പ്രാർത്ഥനയ്ക്കുത്തരം നല്കുന്നതാണ്. യഥാർത്ഥ അനുരാഗമുള്ളവൻ തന്റെ പ്രേമഭാജനത്തോട് എന്താണ് ചോദിക്കുക? യഥാർത്ഥ അനുരാഗമുള്ളവൻ തന്റെ പ്രേമഭാജനത്തോട് അവന്റെ സാമീപ്യമാണ് ചോദിക്കുക. സാമീപ്യം ലഭിച്ചുകഴിഞ്ഞാൽ, പരസ്പരം ദൃഢവിശ്വാസമുണ്ടായാൽ പരസ്പരം പ്രയോജനം ചെയ്യാൻ പരിശ്രമിക്കുന്നതാണ്. ഇവിടെ ഇതും ഏകപക്ഷീയമാണ്. അല്ലാഹുവിന്റെ സാമീപ്യം കിട്ടിയാൽ അതുകൊണ്ടുള്ള നേട്ടം നമുക്കുമാത്രമാണുണ്ടാകുന്നത്. പ്രയോജനപ്പെടുത്തുക എന്നതുമാത്രമല്ല കാര്യം. പ്രത്യുത ഇങ്ങനെ സാമീപ്യം പ്രാപിച്ചുകഴിഞ്ഞാൽ കുറച്ചു ത്യാഗങ്ങൾ വരിക്കേണ്ടിവരും. അതിനായി തയ്യാറാകേണ്ടിവരും. തുടർന്ന് അല്ലാഹു വിശദീകരിച്ചു പറയുന്നു: എന്റെ ഏതു ദാസനാണ് ഞാൻ മറുപടി നല്കുന്നത്? അല്ലാഹു പറഞ്ഞു: ഞാൻ പറയുന്ന കാര്യങ്ങൾക്ക് ലബ്ബൈക്ക് പറയുന്നവനാണ് എന്റെ ദാസൻ, എന്റെ പ്രിയപ്പെട്ട സ്നേഹിതൻ. അല്ലാഹു പറഞ്ഞകാര്യങ്ങളിൽ ലബ്ബൈക്ക് പറയുക എന്നതെന്താണ്? അത് അല്ലാഹുവിനോടുള്ള കടമ നിറവേറ്റലാണ്. സമസൃഷ്ടികളോടുള്ള കടമ നിറവേറ്റലാണ്. സ്ഥിര സ്വഭാവത്തോടെ അല്ലാഹുവിനെ ആരാധിക്കുക. വിലക്കിയ കാര്യങ്ങൾ ചെയ്യാതിരിക്കേണ്ടതാണ്. ചെയ്യാൻ പറഞ്ഞത് ചെയ്യേണ്ടതാണ്.

വിശുദ്ധഖുർആനിൽ എഴുന്നൂറ് കല്പനകളുണ്ടെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിരിക്കുന്നു. റമസാൻ മാസത്തിൽ വിശുദ്ധഖുർആൻ വായിക്കുമ്പോൾ, ആഴത്തിൽ വായിക്കുമ്പോൾ, തർജമ വായിക്കുമ്പോൾ ഈ കല്പനകളെക്കുറിച്ചും അറിയാൻ കഴിയും. അറിഞ്ഞുകഴിയുമ്പോൾ ആ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുകയും വേണം. സദുദ്ദേശ്യത്തോടെ ചെയ്യുന്ന പരിശ്രമം നന്മകളെ വർധിപ്പിക്കുകയും ചെയ്യും. അല്ലാഹുവിന്റെ കല്പനകളിലും അവൻ പറഞ്ഞിട്ടുള്ള കാര്യങ്ങളിലും ലബ്ബൈക്ക് പറയുകയും, അതനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുകയും ചെയ്യുക എന്നത് യഥാർത്ഥ അനുരാഗമുള്ളവന്റെ ലക്ഷണമാണ്.

ഓരോ സ്നേഹിതനോടും ഒരേ രീതിയിലുള്ള ത്യാഗം ആവശ്യപ്പെടുന്നവനല്ല അല്ലാഹു. ഓരോരുത്തരുടെയും കഴിവും ശക്തിയുമനുസരിച്ച് ത്യാഗം വരിക്കാനും പ്രവർത്തിക്കാനുമാണ് കല്പനയുള്ളത്. എന്നാൽ, സ്ഥിരസ്വഭാവത്തോടെ അല്ലാഹു പറഞ്ഞിട്ടുള്ള കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കുകയും അതിൽ അഭിവൃദ്ധിപ്പെടാൻ ശ്രമിക്കുകയും വേണം.

പിന്നീട് പറഞ്ഞത്, നിങ്ങൾ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി എന്നിൽ വിശ്വസിക്കുക എന്നാണ്. അല്ലാഹുവിനേയും അവന്റെ റസൂലിനെയും സത്യസന്ധതയോടെ പിൻതുടരുക എന്നതാണ് പൂർണ്ണമായ ഈമാൻ. ഈമാനും അഅ്മാലെ സ്വാലിഹായും, സത്യവിശ്വാസവും സൽക്കർമവും ഒപ്പത്തിനൊപ്പം നടക്കുന്ന ഒന്നാണെന്നും പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ വചനത്തിൽ, ഞാൻ പറയുന്ന കാര്യങ്ങൾക്ക് ലബ്ബൈക്ക് പറയുക എന്നെഴുതിയിട്ടുള്ളതും സൽക്കർമങ്ങളനുഷ്ഠിക്കുക എന്നതാണ്. നന്മകൾ ചെയ്യുക എന്നതാണ്. നന്മകളിൽ നിലകൊള്ളുക. പിന്നീട് ആരാധനകൾ നിർവഹിച്ചുകൊണ്ട് ദുആ ചെയ്യുക. അപ്പോൾ അല്ലാഹു പറയുന്നു: ഞാൻ നിങ്ങളുടെ അടുത്താണ്. അപ്പോൾ ഞാൻ നിങ്ങളുടെ സുഹൃത്താകും. അവൻ പറയുന്നു: '*അല്ലാഹു വലിയ്യുല്ലദീന ആമനു.*' അല്ലാഹു സത്യവിശ്വാസികളുടെ സുഹൃത്താണ്. അല്ലാഹുവിന്റെ ഈ സുഹൃദ്ബന്ധവും സത്യവിശ്വാസവും, നിങ്ങൾക്ക് അല്ലാഹുവിന്റെ സാമീപ്യം നല്കുമെന്ന് പറഞ്ഞു. സാമീപ്യം നല്കിക്കൊണ്ടേയിരിക്കും, അതിൽ അഭിവൃദ്ധി ഉണ്ടായിക്കൊണ്ടേയിരിക്കും. ഇടയ്ക്ക് നിലച്ചുപോകുന്ന ഒന്നല്ല ഈ സാമീപ്യം. അവൻ പ്രാർത്ഥനയും കേൾക്കുന്നതാണ്. ഞാൻ ആദ്യം പറഞ്ഞതുപോലെ അല്ലാഹുവിന്റെ ഈ സാമീപ്യവും അവന്റെ അടുപ്പവും ദുആയുടെ സ്വീകാര്യതയും കുറച്ചു നിബന്ധനകളോടുകൂടിയതാണ്. ഒന്നാമത്തേത് അവന്റെ യഥാർത്ഥ ദാസനായിരിക്കുക എന്നതാണ്. തികച്ചും അവന്റേതായിത്തീരണം. നിഷ്ക്കളങ്കരായിക്കൊണ്ട് അവനെ ആരാധിക്കേണ്ടിവരും. എല്ലാ ശക്തിയുടെയും ഉറവിടമാണ് അവനെന്ന് മനസ്സിലാക്കേണ്ടിവരും. ചോദിക്കുകയാണെങ്കിൽ അവനോട് മാത്രമെ ചോദിക്കാവൂ. ഹൃദയത്തിൽ ചെറിയ ചെറിയ ദൈവങ്ങളെ ഉണ്ടാക്കിവയ്ക്കാൻ പാടില്ല. ആരിലെങ്കിലും

നിന്ന് ഏതെങ്കിലും നേട്ടമുണ്ടായാൽ ആത്മാർത്ഥത യില്ലാതെ അവനെ സ്തുതിക്കാൻ തുടങ്ങുന്നു. ചിലർക്ക് ഓഫീസർമാരിൽനിന്ന് എന്തെങ്കിലും ഫല മുണ്ടാകും. അപ്പോൾ അയാളെയും അയാളുടെ മക്ക ളേയും സന്തോഷിപ്പിക്കുന്നതിനുവേണ്ടി സ്തുതിക്കു ന്നു. ചിലപ്പോൾ അവരുടെ ജോലിയിൽ മുഴുകി നമ സ്കാരം വരെ നഷ്ടപ്പെടുത്തിക്കളയും. ദൈവ സാമീപ്യം പ്രാപിക്കുന്നതിന് നിർബന്ധമായിട്ടുള്ള കാര്യം, ഏതെങ്കിലും ഭൗതിക കാര്യത്തിൽ നിങ്ങൾ മുഴുകുമ്പോൾ അത് നിങ്ങളുടെ നമസ്കാരത്തിനും ആരാധനകൾക്കും തടസ്സമാകാൻ പാടില്ല എന്നതാ ണ്. നിങ്ങളുടെ തൊഴിലുപരമായ തിരക്ക് നിങ്ങളെ ആരാധനയിൽനിന്ന് അശ്രദ്ധരാക്കുന്നതാകാൻ പാടി ല്ല.

ഹസ്റത്ത് ചൗദരി സഫറുല്ലാഹ് ഖാൻ (റ) നെക്കുറിച്ച് വന്നിരിക്കുന്നു. ഒരിക്കൽ അദ്ദേഹം രാജ്ഞിയുമായി ചർച്ചയ്ക്കിരിക്കുകയായിരുന്നു. ഏതോ മീറ്റിംഗായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ വ ളരെ അസ്വസ്ഥയോടെ അദ്ദേഹം വാച്ച് നോക്കുവാൻ തുടങ്ങി. ആ രാജ്ഞിക്കു മനസ്സിലായപ്പോൾ അവർ കാര്യം തിരക്കി. അല്ലാഹുവിനെ ആരാധിക്കാനുള്ള സമയമാണ്. എനിക്കതിനു പോകണമെന്ന് അദ്ദേഹം പറഞ്ഞു. ഈ തന്റേടമാണുണ്ടാകേണ്ടത്. എത്ര വലിയ ഓഫീസർ ആണെങ്കിലും രാജാവാണെങ്കിലും അദ്ദേഹത്തിന്റെ മുമ്പിൽ ഒരിക്കലും അറയ്ക്കാൻ പാടില്ല. അല്ലാഹുവിന്റെ മുമ്പിൽ അവരൊന്നുമല്ല. ഇതെല്ലാം ഭൗതികമായ കാര്യങ്ങളാണ്. അവസാനം, ഇദ്ദേഹത്തിന്റെ കാര്യം ശ്രദ്ധിക്കണമെന്നും അദ്ദേഹ ത്തിന്റെ നമസ്കാരസമയത്ത് ആരെങ്കിലും വന്നാൽ അവരോടു പറയണമെന്നും രാജ്ഞി അവിടത്തെ ജോലിക്കാരോട് പറയുകയുണ്ടായി. ഈ തന്റേടം ഓരോ അഹ്മദിയും കാണിക്കേണ്ടതാണ്.

നബി (സ) തിരുമേനിയെ അനുസരിക്കുക എന്നതും നിബന്ധനയാണ്. അവിടന്ന് നല്കിയ നിർദ്ദേശങ്ങളും, ഉപദേശങ്ങളും, നമ്മിൽ നിന്ന് പ്രതീ ക്ഷിക്കുന്നതും, ചെയ്തുകാണിച്ച പ്രവർത്തികളു മെല്ലാം അതുപോലെ ചെയ്യേണ്ടതാണ്. നബി(സ) തിരുമേനിയുടെ ദാസത്വത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) നമുക്കു നല്കിയ അദ്ധ്യാപനമനുസ രിച്ച് പ്രവർത്തിക്കേണ്ടിവരും. അല്ലാഹു ദുആ കേൾക്കുന്നവനാണെന്ന് ഒരു സത്യവിശ്വാസി ദൃഢ മായും വിശ്വസിച്ചിരിക്കേണ്ടതാണ്. കേൾക്കാനുള്ള ശക്തി അവനുണ്ടെന്ന് വിശ്വസിക്കണം. നമ്മുടെ വികാരങ്ങളിലും ദുആകളിലും ശക്തി ഉണ്ടായിട്ടും ദുആ സ്വീകരിക്കപ്പെടുന്നില്ലെങ്കിൽ, നമ്മുടെ ദുആ ചെയ്ത രീതിയിൽ എന്തെങ്കിലും കുറവുണ്ടാകും. അല്ലെങ്കിൽ നമ്മുടെ മറ്റു ബലഹീനതകളോ നിറവേ റ്റാത്ത കടമകളോ അതിനിടയിൽ തടസ്സമായി വന്നി ട്ടുണ്ടാകും. അല്ലെങ്കിൽ കടമകൾ നിറവേറ്റാത്ത കാര ണത്താൽ, ജനങ്ങളുടെ അവകാശം കൊടുക്കാത്ത കാരണത്താൽ ജനങ്ങളോടു അക്രമം കാണിക്കുന്ന കാരണത്താൽ കുറച്ചു തടസ്സങ്ങളുണ്ടാകുന്നതാകാം. അല്ലെങ്കിൽ നമ്മൾ ചോദിക്കുന്ന ആ പ്രവൃത്തിയോ ഉദ്ദേശ്യമോ, അല്ലാഹുവിന്റെ പക്കൽ നമുക്ക് ഗുണ പ്രദമല്ലായിരിക്കാം. ഇത് അല്ലാഹു ചിലപ്പോൾ സ്വയം തീരുമാനിക്കുന്നതാണ്. അല്ലെങ്കിൽ രണ്ടാളുകളുടെ അവകാശ പ്രശ്നമായിരിക്കാം. അല്ലാഹുവാണ് അവ രിൽ ആരാണ് കൂടുതൽ അവകാശപ്പെട്ടവൻ എന്ന റിയുന്നത്. അതുകൊണ്ട് കൂടുതൽ അവകാശപ്പെട്ട വന് അവകാശം കിട്ടുന്നു. പക്ഷെ, സദുദ്ദേശ്യത്തോ ടെ നിഷ്ക്കളങ്കമായി ചെയ്ത ദുആ ഒരിക്കലും അല്ലാഹു നഷ്ടപ്പെടുത്തുകയില്ല. അത് മറ്റെപ്പോഴെ ങ്കിലും പ്രയോജനപ്പെടുന്നതാണ്; ഈ ലോകത്തോ അടുത്ത ലോകത്തോ. അതുകൊണ്ട് ദുആ ചെയ്യു ന്നതിൽ ഒരിക്കലും ക്ഷീണിക്കാൻ പാടില്ല. ക്ഷമ യോടും ദുആയോടും കൂടെയാണ് അല്ലാഹുവിന്റെ സഹായം. അതുകൊണ്ട് എപ്പോഴും ക്ഷമ കാഴ്ച വയ്ക്കേണ്ടതാണ്. അല്ലാഹുവിനോടു ചോദിച്ചുകൊ ണ്ടേ പോകേണ്ടതാണ്. ഒരു ഹദീസിൽ വന്നിരിക്കു ന്നു. നബി (സ) പറഞ്ഞു: "അക്ഷമ കാണിക്കാത്തവ രുടെ ദുആയാണ് അല്ലാഹു സ്വീകരിക്കുന്നത്. ഞാൻ ഒരുപാട് ദുആ ചെയ്തെന്നും അല്ലാഹു കേൾക്കു ന്നില്ലെന്നും അവൻ പറയുകയില്ല." ഇതു നിഷേധമാ ണ്. സത്യവിശ്വാസത്തിൽനിന്ന് അകറ്റിക്കൊണ്ടുപോ കുന്ന കാര്യമാണ്. ഒരു സത്യവിശ്വാസി എപ്പോഴും ഇതിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. ഒരഹ്മദി എപ്പോഴും ഇതിൽനിന്ന് രക്ഷപ്പെടേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) അല്ലാഹു ദുആ സ്വീകരിക്കുന്നതിനെക്കുറിച്ചും, മനുഷ്യൻ ചോദിക്കുന്നതുപോലെ അവന് ചിലപ്പോൾ കൊടു ക്കാത്തതിനെക്കുറിച്ചും പറഞ്ഞു: "ഇതു രണ്ടു സുഹൃ ത്തുക്കളെപ്പോലുള്ള കാര്യമാണ്. ചിലപ്പോൾ സുഹൃത്ത് തന്റെ സുഹൃത്ത് പറയുന്നത് സ്വീകരി ക്കുന്നു. ചിലപ്പോൾ സ്വീകരിപ്പിക്കുന്നു. ഇപ്രകാര മാണ് അല്ലാഹു പ്രവർത്തിക്കുന്നത്. എന്നാൽ, ഒരു സത്യവിശ്വാസിയുടെ ദുആ അല്ലാഹു പ്രത്യക്ഷ ത്തിൽ സ്വീകരിക്കാത്തതും അവന്റെ ഗുണത്തിനു വേണ്ടിയായിരിക്കും." വാക്കുകൾ ഒരുപക്ഷെ മുമ്പേയും പിമ്പേയും ഞാൻ പറഞ്ഞപ്പോൾ മാറിയി ട്ടുണ്ടാകും. എന്തായാലും ഞാൻ പറഞ്ഞതുതന്നെ യാണ് അതിന്റെ ആശയം. ഈ ആയത്തിനെ വിശ ദീകരിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "എന്റെ ദാസന്മാർ എന്നെക്കുറിച്ച്, അല്ലാഹു ഉണ്ടെന്നുള്ളതിന് തെളിവെന്താണെന്ന് ചോദിക്കുമ്പോൾ അതിനുള്ള മറുപടി ഞാൻ വളരെ അടുത്താകുന്നു എന്നതാണ്. അതായത് വലിയ തെളിവിന്റെയൊന്നും ആവശ്യമില്ല. ഞാൻ വളരെ വളരെ അടുത്താണെന്ന് മനസ്സിലാക്കാൻ കഴിയും. വളരെ എളുപ്പത്തിൽ എന്റെ അസ്തിത്വത്തിനുള്ള തെളിവ് ലഭിക്കുന്നതാണ്." എന്നെ മനസ്സിലാക്കാൻ

വളരെ എളുപ്പമായ മാർഗ്ഗമാണ്. തെളിവ് ലഭിക്കുന്ന തിന്. അതിനുള്ള തെളിവ് ഇതാണ്.

"ദുആ ചെയ്യുന്നവൻ എന്നെ വിളിച്ചു പ്രാർത്ഥി ക്കുമ്പോൾ അവന്റെ അർത്ഥന ഞാൻ കേൾക്കുന്നു. എന്റെ ദിവ്യബോധനം കൊണ്ട് അവന്റെ വിജയത്തെ ക്കുറിച്ച് സുവാർത്ത അറിയിക്കുന്നു. അതുമുഖേന എന്റെ അസ്തിത്വത്തിൽ മാത്രമല്ല വിശ്വാസമുണ്ടാ കുന്നത്, ഞാൻ സർവശക്തനാണെന്നും മനസ്സിലാ കുന്നതാണ്."

അല്ലാഹു തആല കേൾക്കുമ്പോൾ മറുപടിയും തരുന്നു. തന്നെക്കുറിച്ചുള്ള ദൃഢവിശ്വാസം മാത്ര മല്ല നല്കുന്നത്, എല്ലാ ഖുദ്റത്തുകളുടേയും ഉടമ സ്ഥനാണെന്ന ദൃഢവിശ്വാസവും നല്കുന്നു. നിബ ന്ധനയുണ്ട്. ജനങ്ങൾ അവരുടെ സൂക്ഷ്മതയു ടെയും ദൈവഭയത്തിന്റേയും അവസ്ഥ, ഞാനവ രുടെ ശബ്ദം കേൾക്കുന്നവിധത്തിലാക്കിത്തീർക്കേ ണ്ടതാണ്. ആ ശബ്ദം അല്ലാഹുവിനെ കേൾപ്പിക്കു ന്നതിനുവേണ്ടി ദൈവഭയത്തിന്റെയും സൂക്ഷ്മതയു ടെയും ഈ അവസ്ഥ ഉണ്ടാക്കേണ്ടതായിവരും.

"അതുപോലെതന്നെ അവർ എന്നിൽ വിശ്വ സിക്കണം. പൂർണ്ണമായ ഈശ്വരജ്ഞാനം ലഭിക്കു ന്നതിനുമുമ്പേ, അല്ലാഹു ഉണ്ടെന്ന് ഏറ്റുപറയേണ്ട താണ്. സകല ശക്തിയും കഴിവും വയ്ക്കുന്നവനാ ണെന്ന് അംഗീകരിക്കണം. കാരണം ആരാണോ വിശ്വസിക്കുന്നത് അവനാണ് ഈശ്വരജ്ഞാനം നല്ക പ്പെടുന്നത്."

സൂക്ഷ്മതയും ദൈവഭയവും ഉണ്ടാകണമെന്ന് ഇവിടെ പറഞ്ഞിരിക്കുന്നു. അല്ലാഹുവിനോടുള്ള കട മകളും നിറവേറ്റണം, അല്ലാഹുവിന്റെ സൃഷ്ടികളോ ടുള്ള കടമകളും നിറവേറ്റണം. അപ്പോൾ ശബ്ദം കേൾക്കുമെന്നാണ് അല്ലാഹു പറയുന്നത്. ഈമാനു ണ്ടാവണം. എങ്ങനെയുള്ള ഈമാൻ. അല്ലാഹു ഉണ്ടെന്നുള്ള ഈമാൻ? അല്ലാഹുവിന്റെ സത്തയി ലുള്ള ഈ വിശ്വാസം ആദ്യം മനസ്സിൽ വരണം. പൂർണ്ണമായ ഈശ്വരജ്ഞാനം കൊണ്ട് അതായത് അഗാധതയിൽച്ചെന്ന് അനുഭവത്തിലൂടെ അല്ലാഹു വിന്റെ ഓരോ സിഫത്തിന്റെയും തിരിച്ചറിവുണ്ടാകു ന്നതിനു മുമ്പേ അല്ലാഹു ഉണ്ടെന്ന വിശ്വാസം ഉണ്ടാ കേണ്ടതാണ്. '*യുഅ്മിനൂന ബിൽ ഗയ്ബ്* ' എന്നു വന്നിരിക്കുന്നു. അവർ അദൃശ്യ യാഥാർത്ഥ്യങ്ങളിൽ വിശ്വസിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) ഒരിട ത്തു ഗയ്ബ് എന്നതും അല്ലാഹുവിന്റെ പേരാ ണെന്ന് പറഞ്ഞിട്ടുണ്ട്.

പറഞ്ഞു: ഓരോ അനുഭവ ജ്ഞാനത്തിനും മുമ്പേ അല്ലാഹു ഉണ്ടെന്നും, അവൻ അതിരറ്റ സവി ശേഷ ഗുണങ്ങളുള്ളവനാണെന്നും എല്ലാ ഖുദ്റത്തു കളും കഴിവുകളും അവനുണ്ടെന്നുമുള്ള വിശ്വാസം ഉണ്ടാകേണ്ടതാണ്. ഈ ദൃഢവിശ്വാസത്തോടെ അല്ലാഹുവിലേക്ക് മുമ്പോട്ടുപോകുകയും, അവന്റെ മുമ്പിൽ കുനിയുകയും അവനോടു ദുആ ഇരക്കു കയും ചെയ്യുമ്പോൾ നിങ്ങൾക്ക് അല്ലാഹുവിനെക്കു റിച്ച് പൂർണ്ണമായ തിരിച്ചറിവുണ്ടാകും. ഈശ്വര ജ്ഞാനം ലഭിക്കുകയും അനുഭവജ്ഞാനമുണ്ടാകു കയും ദുആ സ്വീകാര്യതയുടെ അടയാളങ്ങൾ കാണുകയും ചെയ്യുന്നതാണ്. ഈ നിലവാരമുണ്ടാക ണമെന്നാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മ ളോടുപറഞ്ഞത്; ഇതാണ് ജമാഅത്തിൽ ഉണ്ടാകാൻ അവിടന്ന് ആഗ്രഹിച്ചിരുന്നത്. ഈ ദൃഢവിശ്വാസ ത്തോടെ നാം ദുആ ചെയ്യുമ്പോൾ നിശ്ചയമായും അല്ലാഹു സ്വീകരിക്കുന്നതാണ്. അല്ലാതെ അല്ലാഹു വിന്റെ സത്തയിൽ നമുക്ക് പൂർണ്ണമായ വിശ്വാസമു ണ്ടെന്നുപറയുകയും എന്നാൽ അവന്റെ കല്പനകള നുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുക എന്നതല്ല. വർഷം മുഴുവൻ നമസ്കരിക്കാതെ റമളാ നിൽ മാത്രം നമസ്കരിക്കാൻ പരിശ്രമിക്കുന്നു. അല്ലെ ങ്കിൽ നമസ്കരിക്കുന്നു. ജമാഅത്തിന്റെ മേൽ അല്ലാ ഹുവിന്റെ അനുഗ്രഹമുണ്ട്. ഒരുപാട് അനുഗ്രഹമുണ്ട്. മറ്റുള്ളവരെ അപേക്ഷിച്ച് ജമാഅത്തിലെ വലിയൊരു വിഭാഗമാളുകൾ നമസ്കരിക്കുന്നവരാണ്. എന്നാൽ ജമാഅത്തോടുകൂടി നമസ്കരിക്കുന്നതിലേക്ക് ഇനിയും ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്. ഇതിൽ ഒരു പാട് കുറവുണ്ട്. അല്ലാഹുവിന്റെ മുമ്പിൽ കുനിയു ന്നതുപോലെ കുനിയാൻ ഈ റമളാൻ നമുക്ക് വീ ണ്ടും ഒരവസരം തരികയാണ്. അവനെ ആരാധിക്കേ ണ്ടതുപോലെ ആരാധിക്കുക. എങ്കിൽ അല്ലാഹു നമുക്ക് ദുആയ്ക്ക് ഉത്തരം തരുന്നതാണ്. ഈ ആരാ ധനകളെ തുടർന്നും നാം ജീവസുറ്റതാക്കി നിറുത്തു മെന്ന് പ്രതിജ്ഞ ചെയ്യുക. ഇതുണ്ടായികഴിഞ്ഞാൽ ഇൻശാഅല്ലാഹ് ജമാഅത്തിന് വർഷത്തിലുണ്ടാകു ന്ന അഭിവൃദ്ധികൾ ദിവസങ്ങളിൽ സംഭവിക്കുന്നതാ യികാണുന്നതാണ്. അതുകൊണ്ട് വീണ്ടും ഞാൻ പറയുന്നത് നിങ്ങൾ നിങ്ങളുടെ ആരാധനകളെ ജീവസുറ്റതാക്കി ത്തീർക്കുക എന്നതാണ്.

ചിലയാളുകൾ മറ്റുള്ളവരുടെ അടുക്കൽ പോയി ദുആചെയ്യിക്കുകയും അവരുടേതായ ഒരു വൃത്തം ഉണ്ടാക്കിവെക്കുകയും ചെയ്യുന്നു. സ്വയം ദുആയിൽ ശ്രദ്ധിക്കുകയില്ല. അല്ലാഹുവിന്റെ സത്ത യുടെ ശക്തി പ്രഭാവങ്ങളെ സ്വയം അനുഭവിച്ചറി യുക. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് പീർ ആകുക, പീറിനെ ആരാധിക്കുന്നവനാകരുതെന്നാണ്.

ഇവിടെ ഒരുകാര്യം കൂടിപറയട്ടെ. ചില റിപ്പോർ ട്ടുകൾ വരാറുണ്ട്. അറിയിപ്പുകൾ കിട്ടിക്കൊണ്ടിരി ക്കാറുണ്ട്. പാക്കിസ്ഥാനിലും മറ്റുസ്ഥലങ്ങളിലും റബ്വയിൽ ചിലസ്ഥലങ്ങളിലും ചില അഹ്മദികൾ തങ്ങളുടെ ദുആകളെ മഹത്തരമാക്കിവെച്ചിരിക്കു ന്നു. ആ മഹത്വം എന്റെ ദൃഷ്ടിയിൽ നാമമാത്രമാണ്. പൈസവാങ്ങിയോ സൗജന്യമായോ ഏലസ് തുടങ്ങി യവ കൊടുക്കുന്നു. ദുആ ചെയ്യുന്നു 20 ദിവസത്തെ മരുന്നുകൊണ്ടുപോകുക. 20 ദിവസത്തെ വെള്ളം കൊണ്ടുപോകുക, ഏലസ്കൊണ്ടുപോകുക എന്നു

പറയുന്നു. ഇതെല്ലാം നിരർത്ഥകമാണ്. വ്യർ ത്ഥമായ കാര്യങ്ങളാണ്. എന്റെ പക്കൽ, അവർ അഹ്മദികൾ തന്നെയല്ല; ഏലസ് തുടങ്ങിയവ എഴുതികൊടുക്കുന്നവർ. ദുആചെയ്യിക്കുന്നവരും മനസ്സിലാക്കുന്നത് ഞാനെന്തുചെയ്താലും, ജനങ്ങളുടെ അവകാശം പിടിച്ചെടുത്താലും, ഞാനെന്റെ മഹാത്മാവിനെ കൊണ്ട് ദുആചെയ്യിച്ചു, അതുകൊണ്ട് പൊറുക്കപ്പെട്ടു എന്നാണ്. എന്തായാലും എന്റെ പ്രവൃത്തി നടക്കുക തന്നെ ചെയ്യുമെന്ന് ധരിക്കുന്നു. അല്ലാഹു തആല പറയുന്നത് മുഅ്മി ൻ എന്നുപറയപ്പെടണമെങ്കിൽ എന്നെ ആരാധിക്കുക എന്നാണ്. പീർ സാഹിബിന്റെ ദുആ നമുക്കു മതിയായതാണെന്ന് നിങ്ങൾ പറയുന്നു. ഇതെല്ലാം സാത്താനിക വിചാരങ്ങളാണ്. ഇതിൽ നിന്ന് രക്ഷപ്പെടുക. പ്രത്യേകിച്ച് സ്ത്രീകളിൽ ഈ രോഗം കൂടുതലാണ്. നമ്മുടെ ഏഷ്യൻ രാഷ്ട്രങ്ങളിലാണ് ഇതു കൂടുതൽ കാണുന്നത്. ഏഷ്യക്കാർ സംഘടിച്ചു ജീവിക്കുന്ന സ്ഥലങ്ങളിലും ഇതുകാണാം. അതുകൊണ്ട് നമുക്ക് പോഷകസംഘടനകൾ എവിടെയൊക്കെയുണ്ടോ അവർ ഇക്കാര്യം പരിശോധിക്കേണ്ടതാണ്. ബിദ് അത്ത് പരത്തുന്നത് തടയാൻ ശ്രമിക്കുക. അത്തരം ചിന്താഗതിക്കാർ ഒന്നോരണ്ടോ ആണെങ്കിലും, അവർ അവരുടെ ചുറ്റുപാടിൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കും. പോഷക സംഘടനകൾ മാത്രമല്ല, ജമാഅത്ത് വ്യവസ്ഥിതിയും ഇക്കാര്യം നിരീക്ഷിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ ഒന്നോ രണ്ടോ വ്യക്തികളാണെങ്കിലും  അവരവരുടെ സ്വാധീനം ഉണ്ടാക്കിക്കൊണ്ടിരിക്കും. ശയ്ത്വാനാണെങ്കിൽ അക്രമിക്കാൻ തക്കം പാർത്തിരിക്കുകയാണ്. അല്ലാഹു പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കുന്നതിനുപകരം, ഇങ്ങനെ ചിലവിഭാഗത്തിൽ പെടുന്നവരായിത്തീരും. അല്ലാഹു തആല എല്ലാവരേയും ഇതിൽ നിന്നും സുരക്ഷിതമായി വയ്ക്കുമാറാകട്ടെ. എന്നാൽ ഞാൻ വീണ്ടും പറയട്ടെ. ഈ രോഗം അതുവളരെ കുറച്ചാണെങ്കിൽ തന്നെ ജമാഅത്ത് സഹിക്കുകയില്ല. ഓരോരുത്തരും അവരവരുടെ വൃത്തത്തിൽ തങ്ങളെ മുത്തഖികളുടെ ഇമാമാക്കാൻ ദുആ ചെയ്യുക എന്നാണ് അല്ലാഹു പഠിപ്പിക്കുന്നത്. ഖലീഫ ദുആചെയ്യുന്നതും മുത്തഖിയുടെ ഇമാമാക്കാനാണ്. പീറിനെ ആരാധിക്കുന്ന ഇക്കൂട്ടർ പറയുന്നത് ഞങ്ങളെന്തുചെയ്താലും പീർസാഹിബിന്റെ ദുആ മുഖേന പൊറുക്കപ്പെടുമെന്നാണ്. ഇന്നാലില്ലാഹ്! ഇത് നഊദുബില്ലാഹ് പതുക്കെ പതുക്കെ ക്രിസ്ത്യാനികളുടെ പാപപരിഹാരസിദ്ധാന്തമായി തീരുന്നു. അതുകൊണ്ട് ചെറിയ വൃത്തത്തിൽ തന്നെയാണെങ്കിലും വളരെയധികം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഇപ്പോൾ തന്നെ അവർ അത് ചെയ്യേണ്ടതാണ്. ഓരോ അഹ്മദിയും ഈ റമസാനിൽ തങ്ങളുടെ ഉള്ളിൽ ഇൻശാഅല്ലാഹ് വിപ്ലവകരമായ മാറ്റം ഉണ്ടാക്കുമെന്ന് പ്രതിജ്ഞ ചെയ്യുക. ഓരോ അഹ്മദിയും പരിശ്രമിക്കുക. മറ്റുള്ളവരുടെ പിന്നാലെ പോകുന്നതിനുപകരം സ്വയം ദുആയുടേയും അല്ലാഹുവിന്റെ സാമീപ്യത്തിന്റേയും രുചി ആസ്വദിക്കുക.

ഹസ്റത്ത് ഉമർ(റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു. ദുആയുടെ കവാടം നിങ്ങളിലാർക്കാണോ തുറക്കപ്പെട്ടത് അവന് കാരുണ്യത്തിന്റെ കവാടം തുറക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിനോട് എന്തൊന്നാണോ ചോദിക്കുന്നത് അവയിൽ ഏറ്റവുമധികം അവന് പ്രിയപ്പെട്ടത് അവനിൽ നിന്ന് സൗഖ്യം ചോദിക്കുന്നതാണ്. വന്നുകഴിഞ്ഞതും വന്നിട്ടില്ലാത്തതുമായ വിപത്തിനെതിരിൽ ദുആ ഫലം പ്രദാനം ചെയ്യുന്നതാണെന്ന് റസൂലുല്ലാഹി(സ) പറഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ ദാസരെ, നിങ്ങൾ ദുആചെയ്യുന്ന ശീലം സ്വായത്തമാക്കുക എന്നത് നിങ്ങൾക്കു നിർബന്ധമാണ്

ഇവിടെ പറഞ്ഞിട്ടുള്ളത് ഏറ്റവും പ്രിയപ്പെ ട്ടത് 'ആഫിയത്' അഥവാ സൗഖ്യം ആണെന്നാണ്. അതായത് നന്മ, ധർമ്മനിഷ്ഠ, ദോഷകരമായ കാര്യങ്ങൾ ചെയ്യാതിരിക്കൽ ഇതൊക്കെ അല്ലാഹുവിന് ഏറ്റവും അധികം ഇഷ്ടപ്പെട്ടതാണ്. ഈ നന്മയുടെ മാർഗ്ഗങ്ങളെ അല്ലാഹുവിനോട് ചോദിക്കുമ്പോൾ വന്നുകഴിഞ്ഞ വിപത്തിൽനിന്നും സുരക്ഷിതമാകാനുള്ള സാഹചര്യം ഉണ്ടാകും. വരാനിരിക്കുന്ന വിപത്തുകളിൽ നിന്നും സുരക്ഷിതരായിരിക്കും. അതുകൊണ്ട് ദുആ ചെയ്യുക എന്നതും ഒരു പരമ്പരയായ പ്രവൃത്തിയാണ്. ഇതു മുഖേന കാരുണ്യത്തിന്റെ കവാടം തുറന്നുകൊണ്ടേയിരിക്കും. കഴിഞ്ഞതും വരാനിരിക്കുന്നതുമായ വിപത്തുകളിൽ നിന്നും നാം സുരക്ഷിതരായിരിക്കും. റഹ്മത്ത് ഫളൽ എന്നതിന്റെ ബന്ധം പള്ളിയിൽ വരുന്നവരുമായിട്ടുമുണ്ട്. പള്ളിയിൽ പ്രവേശിക്കുന്നതിനും പുറത്തുപോകുന്നതിനും പഠിപ്പിച്ചിട്ടുള്ള ദുആയിൽ റഹ്മത്തിന്റെയും ഫള്ലിന്റെയും കവാടം തുറക്കുന്നതിനെക്കുറിച്ച് പറയുന്നു. പള്ളിയുടെ ഉള്ളിലും വെളിയിലും അല്ലാഹുവിന്റെ റഹ്മത്തിന്റെയും ഫള്ലിന്റെയും ബർക്കത്തിന്റേയും തണൽ ഉണ്ടാകുന്നതിനുവേണ്ടി നമ്മുടെ ഒരു പ്രവൃത്തിയും അല്ലാഹുവിന്റെ തൃപ്തിയ്ക്കു വിരുദ്ധമായിരിക്കരുത്. ഭൗതിക തൊഴിലുകളിലും, അല്ലാഹുവിൽ നിന്ന് സൗഖ്യം തേടുന്ന കാരണത്താൽ അവനിൽ കാരുണ്യം വർഷിക്കുന്നുണ്ടാകും. അവന്റെ നമസ്കാരവും ദുആയും കാരണത്താൽ കാരുണ്യം വർഷിക്കുന്നുണ്ടാകും.ഈ റഹ്മത്തിന്റെ കവാടം എപ്പോഴും തുറന്നിരിക്കും. കാരണം അവൻ ഭൗതീകതൊഴിലുകളിലും നന്മ നടപ്പിൽ വരുത്തുന്നവനായിരിക്കും. സൽകാര്യങ്ങൾ പരത്തുന്നവനായിരിക്കും. അതിനുവേണ്ടി പരിശ്രമിക്കുന്നവനായിരിക്കും. ഇതാണ് അല്ലാഹുവിന്റെ സാമീപ്യത്തിന് കാരണമായിത്തീരുന്നത്. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: നമ്മുടെ റബ്ബ് ഓരോ രാത്രി

യിലും അടുത്ത ആകാശം വരെ ഇറങ്ങിവരുന്നു. രാത്രിയുടെ മൂന്നാമത്തെഭാഗം ബാക്കിയാകുമ്പോൾ അല്ലാഹുതആല പറയുന്നു: എന്നെ വിളിക്കുന്ന ആരെങ്കിലുമുണ്ടോ? ഞാൻ അവന് ഉത്തരം നൽകാൻ. എന്നോട് ചോദിക്കാൻ ആരാണുള്ളത്? ഞാനവന് കൊടുക്കാൻ. എന്നോട് പൊറുക്കലിനെതേടാൻ ആരാണ്? ഞാനവന് പൊറുത്തുകൊടുക്കാൻ.

ഇത് റമസാനിലാണെന്ന നിബന്ധനയൊന്നുമില്ല. ഇവിടെ റമസാനിന് പുറമെയുള്ള കാര്യങ്ങളാണ് ചർച്ചചെയ്യപ്പെടുന്നത്. എന്നോട് എപ്പോഴെങ്കിലും ഏതെങ്കിലും ദാസൻ ഇപ്രകാരം ചോദിച്ചാൽ ഞാനവന് പൊറുത്തുകൊടുക്കുകയും അവന് മറുപടി കൊടുക്കുകയും ചെയ്യുന്നു. ഈ റമസാന് ആരാധനകളുടെ ശീലമുണ്ടാക്കാൻ അല്ലാഹു നമുക്കൊരവസരം തന്നിരിക്കുകയാണ്. അതുകൊണ്ട് എല്ലാ അഹ്മദികളും ഈ ശീലം സ്ഥിരമാക്കാൻ ശ്രമിക്കേണ്ടതാണ് അല്ലാഹുവിന്റെ സ്നേഹ ദൃഷ്ടി എപ്പോഴും നമ്മളിലുണ്ടാകുന്നതിനുവേണ്ടി.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: ബദ്ധിമുട്ടിന്റെ നേരത്ത് തന്റെ ദുആ അല്ലാഹു സ്വീകരിക്കണമെന്ന് ആരാണോ ആഗ്രഹിക്കുന്നത് അവൻ ക്ഷേമത്തിന്റെയും സൗഖ്യത്തിന്റെയും നേരത്ത് ദുആ ചെയ്തുകൊള്ളട്ടെ.

ഞാൻ പറയുകയുണ്ടായി. സ്ഥിരസ്വഭാവത്തോടെ സാധാരണമായ അവസ്ഥയിൽ ദുആ ചെയ്യേണ്ടതാണ്. ഈ ഹദീസും ഇതുതന്നെയാണ് നമ്മോടു പറയുന്നത് ബുദ്ധിമുട്ടിന്റെ നേരത്ത്മാത്രം അല്ലാഹുവിനെ വിളിക്കാൻ പാടില്ല. മറിച്ച് സ്ഥിരമായി അവന്റെമുമ്പിൽ പ്രണമിച്ചിരിക്കേണ്ടതാണ്. അവനെ വിളിച്ചുകൊണ്ടേയിരിക്കുകയും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. എങ്കിൽ തന്റെ ദാസന്മാരുടെ ബുദ്ധിമുട്ടുകൾ സഹിക്കാത്ത അല്ലാഹു, നിങ്ങളുടെ അവസ്ഥകണ്ടിട്ട് നിങ്ങളുടെ അടുത്തേക്ക് നിങ്ങളുടെ ബുദ്ധിമുട്ടുകളകറ്റാൻ ഓടിവരുന്നതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: "എന്റെ ദാസന്റെ ഭാവനയ്ക്കനുസരിച്ച് ഞാനവനോട് പെരുമാറുന്നുവെന്ന് അല്ലാഹു പറയുന്നു. എന്റെ ദാസൻ എന്നെ സ്മരിക്കുമ്പോൾ ഞാനവന്റെ കൂടെയുണ്ട്. അവന്റെ മനസ്സിൽ അവൻ എന്നെ സ്മരിച്ചാൽ ഞാനും അവനെ സ്മരിക്കുന്നതാണ്. അവനെന്നെക്കുറിച്ച് ഒരു മജ്ലിസിൽ പറഞ്ഞാൽ ഞാൻ ആ ദാസനെക്കുറിച്ച് അതിനേക്കാൾ ഉത്തമമായ മജ്ലിസിൽ പറയുന്നതാണ്. അവനെന്നോട് ഒരുചാൺ അടുത്താൽ ഞാനവനോട് ഒരുമുഴം അടുക്കുന്നതാണ്. അവനെന്നിലേക്ക് ഒരു മുഴം അടുത്താൽ ഞാനവനിലേക്ക് രണ്ടുമുഴം അടുക്കുന്നതാണ്. അവനെന്നിലേക്ക് നടന്നുവന്നാൽ ഞാനവനിലേക്ക് ഓടിവരുന്നതാണ്.

അതുകൊണ്ട് ഓരോ അഹ്മദിയും തങ്ങളുടെ നാവ് ദൈവസ്മരണയാൽ ശീതളമാക്കിവയ്ക്കുക. നമ്മുടെ ഓരോ പ്രവൃത്തിയും ഓരോ കർമ്മവും അല്ലാഹുവിലേക്കുള്ള മുന്നേറ്റത്തിൽ, അല്ലാഹു നമ്മിലേക്ക് ഓടിവരുന്ന നിലയിലുള്ളതാക്കാൻ പരിശ്രമിക്കേണ്ടതാണ്. അങ്ങനെ അല്ലാഹു നമ്മെ അവന്റെ സ്നേഹത്തിന്റെ പുതപ്പിൽ പൊതിയട്ടെ.

ഹസ്റത്ത് ഇബ്റാഹീം ബിൻ സഅ്ദ്(റ) പറഞ്ഞു: തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു. അദ്ദേഹം പരീക്ഷിച്ചു നോക്കുകയുണ്ടായി. നബി (സ) പറഞ്ഞു: ദുന്നൂൻ അതായത് ഹസ്റത്ത് യൂനുസ്(അ) തിമിംഗലത്തിന്റെ വയറ്റിൽ വെച്ച് ദുആ ചെയ്തു. അതിതാണ്. *'ലാഇലാഹ ഇല്ലാ അൻത സുബ്ഹാനക്ക ഇന്നീകുൻതു മിനള്വാലിമീൻ.'* ഏതെങ്കിലും പരീക്ഷണഘട്ടത്തിൽ ഒരു മുസൽമാൻ ഇങ്ങനെ ദുആചെയ്താൽ അല്ലാഹു തആല അവന്റെ പ്രാർത്ഥന തീർച്ചയായും കേൾക്കുന്നതാണ്

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇതിൽ നിന്ന് ഒരു പാഠം ലഭിക്കുന്നുണ്ട്. അതായത് തഖ്ദീറിനെ അല്ലാഹു മാറ്റിത്തരുന്നു. കരച്ചിലും വിലാപവും ദാനധർമ്മങ്ങളും (യൂനുസിന്റെയും അദ്ദേഹത്തിന്റെ ജനതയുടേയും സംഭവത്തെക്കുറിച്ചാണ്) വിധി പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുള്ള കാര്യങ്ങളെ പോലും മാറ്റുന്നതാണ്. അതുകൊണ്ട് ദാനധർമ്മങ്ങളും ദുആയും വിഷമഘട്ടങ്ങളെ അകറ്റുന്നതാണ്.

പിന്നീട് അവിടന്ന് പറഞ്ഞു: ഞാൻ നിങ്ങൾക്കിതു മനസ്സിലാക്കിത്തരാൻ ആഗ്രഹിക്കുകയാണ്. ആരാണോ പരീക്ഷണങ്ങൾ ഇറങ്ങുന്നതിനു മുമ്പേ ദുആചെയ്യുന്നത്, ഇസ്തിഗ്ഫാർ ചെയ്യുന്നത്, ദാനധർമ്മങ്ങൾ കൊടുക്കുന്നത് അല്ലാഹു അവന്റെമേൽ കരുണ ചൊരിയുന്നു. ദൈവീക ശിക്ഷയിൽ നിന്നും നാശങ്ങളിൽനിന്നും അവനെ രക്ഷിക്കുന്നു. എന്റെ ഈ വാക്കുകളെ കഥപോലെ കേൾക്കരുത്. ഞാൻ അല്ലാഹുവിനുവേണ്ടി പറയുന്നു. നിങ്ങൾ നിങ്ങളുടെ അവസ്ഥയെക്കുറിച്ച് ചിന്തിക്കുക. നിങ്ങളോടും നിങ്ങളുടെ സുഹൃത്തുക്കളോടും ദുആ ചെയ്യാൻ പറയുക. ഇസ്തിഗ്ഫാർ ദൈവീക ശിക്ഷയ്ക്കും കടുത്ത വിപത്തുകൾക്കുമുള്ള ഔഷധമായി പ്രവർത്തിക്കുന്നു. അതായത് പരിചയായി പ്രവർത്തിക്കുന്നു. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു, *'മാകാനല്ലാഹു മുഅദ്ദിബഹും വഹും യസ്തഗ്ഫിറൂൻ'* അതുകൊണ്ട് ദൈവീകശിക്ഷയിൽ നിന്ന് സുരക്ഷിതനായിരിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഇസ്തിഗ്ഫാർ അധികമായി ചെയ്യുക. ഈ ആയത്തിന്റെ അർത്ഥം പൊറുക്കലിനെ തേടികൊണ്ടിരിക്കുമ്പോൾ ശിക്ഷിക്കുന്നവനല്ല അല്ലാഹു എന്നതാണ്.

നബി(സ) പറഞ്ഞു: അല്ലാഹു വലിയ ലജ്ജയുള്ളവനാണ്. വലിയ ഉദാരനും ദാനശീലനുമാണ്. ദാസൻ അവന്റെ മുന്നിൽ രണ്ടുകൈയും നീട്ടുമ്പോൾ ആ കൈകളെ കാലിയായി തിരിച്ചയക്കുന്നതിൽ അല്ലാഹു ലജ്ജിക്കുന്നു. അതായത് സത്യ

ഹൃദയത്തോടെ ചെയ്യപ്പെട്ട ദുആ തടയുകയില്ല. അത് സ്വീകരിക്കുന്നു. അല്ലാഹുവിനോട് ചോദിക്കുന്നത് സത്യസന്ധതയോടെയായിരിക്കണം. ചെയ്തുപോയ പാപങ്ങൾക്ക് മാപ്പുചോദിക്കുക. വരുംകാലങ്ങളിൽ നന്മയിൽ നിലകൊള്ളാനുള്ള തൗഫീഖ് അല്ലാഹുവിൽ നിന്ന് തേടുക. പിന്നീട് അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുക. എങ്കിൽ അല്ലാഹു സഹായിക്കുന്നതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നല്ല മനുഷ്യനെയും ചീത്തമനുഷ്യനേയും കുറിച്ച് വ്യത്യാസപ്പെടുത്തി പറഞ്ഞിരിക്കുന്നതുപോലെ അവർക്ക് വെവ്വേറെ സ്ഥാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതുപോലെ അല്ലാഹുവിന്റെ പ്രകൃതിനിയമത്തിലും ഈ രണ്ടു മനുഷ്യരിലും വ്യത്യാസമുണ്ട്. അവരിൽ ഒരുവൻ അല്ലാഹുവിനെ ഉദാരതയുടെ അരുവിയാണെന്ന് മനസ്സിലാക്കികൊണ്ട് അവനിൽ നിന്ന് ശക്തിയും സഹായവും തേടുന്നു. ഇതരൻ വെറും തന്റെ ഉപായത്തിലും ശക്തിയിലും വിശ്വസിച്ചുകൊണ്ട് ദുആ പരിഹാസമായി കാണുന്നു. എന്നുമാത്രമല്ല അല്ലാഹുവിൽ നിന്ന് അകന്ന് സ്വച്ഛന്ദം വിഹരിക്കുന്നവനും അഹങ്കാരിയുമായിത്തീരുന്നു. ആരാണോ പ്രയാസത്തിന്റെ ഘട്ടത്തിലും ബുദ്ധിമുട്ടിന്റെ നേരത്തും അല്ലാഹുവിനോട് ദുആചെയ്യുകയും അവനോട് പ്രയാസത്തിന് പരിഹാരം ആഗ്രഹിക്കുകയും ചെയ്യുന്നത്-അവൻ ദുആയെ അതിന്റെ പരിപൂർണ്ണതയിലെത്തിച്ചിട്ടുണ്ടെങ്കിൽ-(ഇവിടെ ദുആയെ പൂർണ്ണതയിലെത്തിക്കണമെന്ന് നിബന്ധന വെച്ചിരിക്കുന്നു) അല്ലാഹുവിൽ നിന്ന് ശാന്തിയും യഥാർത്ഥ സന്തോഷവും പ്രാപിക്കുന്നു. ഇനി അഥവാ അയാളുടെ ഉദ്ദേശ്യം സാധിച്ചിട്ടില്ലെങ്കിൽ തന്നെ മറ്റൊരുതരത്തിലുള്ള തൃപ്തിയും ശാന്തിയും അല്ലാഹുവിൽ നിന്ന് അവന് കിട്ടുന്നു. (അതായത് അവൻ ആഗ്രഹിക്കുന്നതു പോലെ കാര്യങ്ങൾ നടക്കുന്നില്ലെങ്കിൽ അല്ലാഹുവിൽ നിന്ന് മനസ്സമാധാനം നൽകപ്പെടുന്നു.) അവൻ ഒരിക്കലും പരാജിതനായിരിക്കുകയില്ല. വിജയമുണ്ടാകുന്നതിനുപുറമേ അവന്റെ വിശ്വാസപരമായ ശക്തിയും അഭിവൃദ്ധിപ്പെടുന്നു. വിശ്വാസം വർധിക്കുന്നു."

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി ഒരുമജ്ലിസിൽ നിന്ന് എഴുന്നേൽക്കുമ്പോൾ ഇങ്ങനെ ദുആചെയ്യുമായിരുന്നു അല്ലാഹുവേ നിന്നോടുള്ള ഭയം ഞങ്ങൾക്കുനൽകിയാലും; അതുകൊണ്ട് നീ ഞങ്ങളുടേയും പാപങ്ങളുടേയും ഇടയിൽ തടസ്സമുണ്ടാക്കിയാലും. നിന്നോടുള്ള അനുസരണക്കേട് ഞങ്ങളിൽ നിന്നുണ്ടാകാൻ ഇടവരുത്തരുതേ. ഞങ്ങളെ സ്വർഗ്ഗത്തിൽ എത്തിക്കാനുതകുന്ന ആ അനുസരണത്തിന്റെ നില നീ ഞങ്ങൾക്കു നൽകിയാലും. ദുനിയാവിലെ ബുദ്ധിമുട്ടുകൾ ഞങ്ങൾക്ക് എളുപ്പമാക്കിതരുംവിധമുള്ള ദൃഢവിശ്വാസം നീ ഞങ്ങൾക്ക് നൽകിയാലും. അല്ലാഹുവേ, ഞങ്ങൾക്ക് ഞങ്ങളുടെ ചെവികളെകൊണ്ടും കണ്ണുകളെക്കൊണ്ടും കഴിവുകൾ കൊണ്ടും ജീവിതം മുഴുവൻ ശരിയായ നിലയിൽ ഫലമെടുക്കാൻ ഭാഗ്യം നൽകിയാലും. ഞങ്ങളെ നന്മകളുടെ അവകാശികളാക്കിയാലും. ഞങ്ങളോട് അക്രമം കാണിക്കുന്നവരോട് നീ പകരം വീട്ടിയാലും. ഞങ്ങളോട് ശത്രുത പുലർത്തുന്നവർക്കെതിരിൽ ഞങ്ങളെ സഹായിച്ചാലും. ദീനിൽ എന്തെങ്കിലും പരീക്ഷണം ഞങ്ങൾക്കുണ്ടാകുന്നതിൽ നിന്ന് രക്ഷിച്ചാലും. അത്തരം പ്രവൃത്തിയിലൂടെ ദുൻയാവ് ഞങ്ങളുടെ ഏറ്റവും വലിയ ദുഃഖവും ചിന്തയും ആകാതിരിക്കുമാറാകട്ടെ. ഞങ്ങളുടെ അറിവ് ദുൻയാവിൽ മാത്രം പരിമിതമാകാതിരിക്കുമാറാകട്ടെ. ഞങ്ങളിൽ കരുണ കാണിക്കാത്തവനേയും ദയയോടെ പെരുമാറാത്തവനേയും ഞങ്ങളുടെ ഭരണാധികാരിയാക്കരുതേ.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അനുഗ്രഹലബ്ധിയ്ക്ക് ഏറ്റവും അടുത്തമാർഗ്ഗം ദുആയാണ്. ദുആ സമ്പൂർണ്ണമാകണമെങ്കിൽ അതിൽ വിനയവും അസ്വസ്ഥതയും കേണപേക്ഷയും ഉണ്ടാകണം. നിറഞ്ഞ വിനയത്തോടും വിഷമത്തോടും തകർന്ന ഹൃദയത്തോടും കൂടി ചെയ്യപ്പെടുന്ന ദുആ അല്ലാഹുവിന്റെ അനുഗ്രഹത്തെ ആകർഷിക്കുകയും അത് സ്വീകരിക്കപ്പെട്ട് അങ്ങനെ യഥാർത്ഥ ലക്ഷ്യസ്ഥാനത്ത് എത്തിക്കുകയും ചെയ്യുന്നു. എന്നാൽ ഇതും അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ ലഭ്യമാകുകയില്ലെന്നതാണ് പ്രയാസകരം. ഇതിനുള്ള ചികിത്സ, ശ്രദ്ധയോടും താൽപര്യത്തോടുംകൂടി ദുആ ചെയ്യാൻ കഴിയുന്നില്ലെങ്കിലും ചെയ്തുകൊണ്ടേയിരിക്കുക എന്നതാണ്. പക്ഷെ, അതിൽ തന്നെ തൃപ്തനാവരുത്. മടിയോടും ഭവ്യാചരണത്തോടും ആണെങ്കിലും ദുആചെയ്തുകൊണ്ടേയിരിക്കുക. യഥാർത്ഥവും ശുദ്ധവുമായ ദുആ ഉണ്ടാകുന്നതിനും ദുആ ആവശ്യമാണ്. ധാരാളമാളുകൾ ദുആ ചെയ്യുന്നു. അവരുടെ മനസ്സ് മടുക്കുകയും ചെയ്യുന്നു. ഒന്നും നടക്കുകയില്ലെന്ന് പറയുകയും ചെയ്യുന്നു. എന്നാൽ, ഈ മണ്ണ് പാറ്റിയെടുക്കുന്നതിലാണ് അനുഗ്രഹം എന്നാണ് നമുക്ക് ഉപദേശിക്കാനുള്ളത്. കാരണം ഉദ്ദിഷ്ട ലക്ഷ്യം അതിൽ നിന്ന് പുറത്തുവരികയും ഒരുനാൾ അവന്റെ ഹൃദയം നാവുമായി ഐക്യപ്പെടുകയും പിന്നീട് ദുആ സ്വീകരിക്കുന്നതിന്റെ മാർഗ്ഗമായ വിനയവും വിഷമവും സ്വയമേവ ഉണ്ടാകുകയും മനമില്ലാ മനസ്സോടും അസഹ്യതയോടുകൂടിയാണെങ്കിലും രാത്രിയിൽ എഴുന്നേറ്റ് അല്ലാഹുവേ, മനസ്സ് നിന്റെ പിടിയിലും നിയന്ത്രണത്തിലുമാണല്ലോ, അതുകൊണ്ട് നീ അതിനെ ശുദ്ധീകരിച്ചാലും എന്നു ദുആ ചെയ്താൽ, ആ ഞെരുക്കാവസ്ഥയെതൊട്ട് അല്ലാഹുവിൽ നിന്ന് സമൃദ്ധിയെ ആഗ്രഹിച്ചാൽ ആ ഞെരുക്കത്തിൽ നിന്ന് സമൃദ്ധി പുറപ്പെട്ടുവരുന്നതാണ്. കരച്ചിലുണ്ടാകുകയും ചെയ്യും. ആ സമയം തന്നെയാണ് ദുആ സ്വീകാര്യത്തിന്റെ നിമിഷം എന്നു

പറയുന്നത്. ആ സമയത്ത് ആത്മാവ് ദൈവസന്നിധിയിൽ വെള്ളം പോലെ ഒഴുകുന്നത് അവൻ കാണും; മുകളിൽ നിന്ന് താഴേക്ക് ഇറ്റുന്ന ജലത്തുള്ളികൾ പോലെ."

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഈശ്വരജ്ഞാനത്തിനുശേഷം ദൈവീകാനുഗ്രഹം മുഖേന ഉണ്ടാകുന്ന ദുആ മറ്റൊരു നിറവും അവസ്ഥയും ഉൾകൊള്ളുന്നതാണ്. അത് ലയിപ്പിക്കുന്ന വസ്തുവാണ്. അത് അലിയിക്കുന്ന അഗ്നിയാണ്. അത് കാരുണ്യത്തെ ആകർഷിക്കുന്ന ഒരു കാന്തികശക്തിയാണ്. അതു മരണമാണ്. എന്നാൽ അവസാനം ജീവിപ്പിക്കും. അതൊരു വൻ പ്രളയമാണ്. എന്നാൽ അവസാനം അത് കപ്പലായിത്തീരും. കുഴഞ്ഞുമറിഞ്ഞ എല്ലാകാര്യങ്ങളും അതുമുഖേന നേരെയാകുന്നു. ഓരോ വിഷവും അതുമുഖേന ഔഷധമായിത്തീരും. തടവറയിൽ കിടന്ന് ക്ഷീണിക്കാതെ ദുആ ചെയ്യുന്നവൻ ഭാഗ്യവാനാണ്. അവനൊരിക്കൽ സ്വതന്ത്രനാകും. ദുആയിൽ മടികാണിക്കാത്തവൻ ഭാഗ്യവാനാണ്. കാരണം ഒരിക്കൽ അവ ൻ കാണാൻ തുടങ്ങും. ഖബ്റിൽ കിടന്ന് ദുആ മുഖേന അല്ലാഹുവിനോട് സഹായം തേടുന്നവൻ ഭാഗ്യവാനാണ് കാരണം ഒരു ദിവസം അവൻ ഖബ്റിൽ നിന്ന് വെളിയിൽ എടുക്കപ്പെടും. ദുആയിൽ ഒരിക്കലും അലസത കാണിക്കാത്ത നിങ്ങൾ ഭാഗ്യവാന്മാരാണ്. നിങ്ങളുടെ ആത്മാവ് ദുആയ്ക്ക് വേണ്ടി ഉരുകുന്നു. നിങ്ങളുടെ കണ്ണുകൾ കണ്ണീരൊഴുക്കുന്നു. അത് നിങ്ങളുടെ ഉള്ളിൽ ഒരു തീയുണ്ടാക്കുന്നു. അത് ഏകാന്തതയുടെ രുചി ആസ്വദിക്കുന്നതിനുവേണ്ടി നിങ്ങളെ ചെറിയ മുറികളിലും വൻകാടുകളിലും കൊണ്ടുപോകുന്നു. നിങ്ങളെ അസ്വസ്ഥനും ഉന്മാദനും സ്വയം ഒന്നും അറിയാത്തവനുമാക്കിത്തീർക്കുന്നു. കാരണം അവസാനം നിങ്ങളിൽ അനുഗഹം ചൊരിയപ്പെടും. ഇന്ന് ആരിലേക്കാണോ നാം വിളിക്കുന്നത് അവൻ അങ്ങേയറ്റം ഉദാരനും ദയാപരനും ലജ്ജിക്കുന്നവനും സത്യസന്ധനും കൂറുള്ളവനും വിനയമുള്ളവരുടെ മേൽ കരുണ ചൊരിയുന്നവനുമാണ്. അതുകൊണ്ട് നിങ്ങളും ആത്മാർത്ഥരായിത്തീരുക. തികഞ്ഞ സത്യസന്ധതയോടും ആത്മാർത്ഥതയോടും കൂടി ദുആ ചെയ്യുക. അവൻ നിങ്ങളിൽ കരുണ ചൊരിയും. ദുൻയാവിലെ കോലാഹലങ്ങളിൽ നിന്ന് വിട്ടുനിൽക്കുക. വ്യക്തിപരമായ കലഹങ്ങൾക്ക് മതത്തിന്റെ നിറം പകരാതിരിക്കുക. അല്ലാഹുവിനുവേണ്ടി പരാജയം സമ്മതിക്കുക. തോൽവി സ്വീകരിക്കുക, നിങ്ങൾ വലിയ വലിയ വിജയങ്ങളുടെ അവകാശികളായിത്തീരാ ൻ. (നിത്യവും ഓരോരുത്തരുമായി ഉണ്ടാകുന്ന ചെറിയ ചെറിയ കലഹങ്ങളിൽ നിന്ന് രക്ഷപ്പെടുക.)

ദുആ ചെയ്യുന്നവർക്ക് അല്ലാഹു മുഅ്ജിസ (ദിവ്യാത്ഭുതം) കാണിക്കുന്നതാണ്. ചോദിക്കുന്നവർക്ക് അമാനുഷികമായ ഒരു അനുഗ്രഹം നൽകപ്പെടുന്നതാണ്. ദുആ അല്ലാഹുവിൽ നിന്ന് വരുന്നു. അല്ലാഹുവിലേക്ക് മടങ്ങുന്നു. നിങ്ങളുടെ ജീവൻ നിങ്ങളോട് അടുത്തിരിക്കുന്നതുപോലെ ദുആ മുഖേന അല്ലാഹു അടുത്തായിത്തീരുന്നു. ദുആയുടെ ഒന്നാമത്തെ അനുഗ്രഹം മനുഷ്യനിൽ പരിശുദ്ധമായ മാറ്റം ഉണ്ടാകുന്നു എന്നതാണ്. പിന്നീട് ഈ മാറ്റത്തോടെ അല്ലാഹു തന്റെ സിഫത്തിൽ (സവിശേഷമായ ഗുണം) മാറ്റം വരുത്തുന്നു. അവന്റെ സിഫത്തുകൾ മാറ്റം ഇല്ലാത്തതാണ്. എന്നാൽ മാറ്റം വരുത്തുന്നവനുവേണ്ടി അവന്റെ പ്രത്യക്ഷപ്പെടൽ വേറെയാണ്. അത് ലോകത്തിന്നറിയില്ല, അവൻ മറ്റൊരു ദൈവമാണെന്ന് തോന്നും. വാസ്തവത്തിൽ മറ്റൊരു ദൈവവുമില്ല. എന്നാൽ നവ്യമായ ദിവ്യ ജ്യോതിസ്സ് നവ്യമായ നിറത്തിൽ അതിനെ പ്രകടിപ്പിക്കുന്നു. അപ്പോൾ ഈ പ്രത്യേകമായ ദിവ്യ ജ്യോതിസ്സിന്റെ പ്രൗഢിയിൽ, ആ പരിവർത്തനമുണ്ടാക്കിയ വ്യക്തിക്കുവേണ്ടി അത് പ്രവർത്തിക്കുന്നു; അത് മറ്റുള്ളവർക്കുവേണ്ടി ചെയ്യുകയില്ല. അതായത് അത് അത്ഭുതസിദ്ധിയാണ്. പുതിയ പരിവർത്തനം ഉണ്ടാക്കുമ്പോൾ അല്ലാഹുവും ഒരു പുതിയ പ്രൗഢികാണിക്കുന്നു.

പറഞ്ഞു: അല്ലാഹു അതുതന്നെയാണ്. (അല്ലാഹു പഴയതു തന്നെയാണ്. അവനു മാറ്റമില്ല. എന്നാൽ നിങ്ങൾ പരിവർത്തനം വരുത്തിയ കാരണത്താൽ നിങ്ങളോടുള്ള സമീപനം അല്ലാഹു മാറ്റി)ഒരു പിടി മണ്ണിനെ (മനുഷ്യനെ) രസായന ക്രിയ നടത്തുന്ന സിദ്ധൗഷധമാണ് ദുആ. ഉള്ളിലെ മാലിന്യങ്ങളെ കഴുകിക്കളയുന്ന ജലമാണത്. ദുആയോടൊപ്പം ആത്മാവ് ഉരുകുന്നു. വെള്ളംപോലെ ഒഴുകി ദൈവീക സവിധത്തിൽ വീഴുന്നു. അത് അല്ലാഹുവിന്റെ മുമ്പിൽ നിൽക്കുകയും റുക്കൂഅ് ചെയ്യുകയും സുജൂദ് ചെയ്യുകയും ചെയ്യുന്നു. അതിന്റെ ഛായയാണ് ഇസ്ലാം നമ്മെ പഠിപ്പിച്ചിട്ടുള്ള നമസ്കാരം.

അവസാനം പറഞ്ഞത്, ആ എല്ലാ ദുആകളും, ദുആയുടെ യഥാർത്ഥ നിറം പിടിക്കണമെങ്കിൽ നിങ്ങൾ നമസ്കാരം കൃത്യനിഷ്ഠയോടെ അനുഷ്ഠിക്കണം എന്നാണ്. കാരണം നമസ്കാരത്തിൽ ഈ എല്ലാ കാര്യങ്ങളും അടങ്ങുന്നു. അല്ലാഹു നമുക്ക് അവനോട് അടുപ്പിക്കുന്ന ആ ഈശ്വരജ്ഞാനം നല്കുമാറാകട്ടെ. നമ്മുടെ ദുആയിൽ, നമ്മുടെ ആത്മാവ് ഉരുകി അല്ലാഹുവിന്റെ സന്നിധിയിൽ ഒഴുകുന്ന അവസ്ഥ ഉണ്ടാകുമാറാകട്ടെ. എന്നെന്നും ഒഴുകികൊണ്ടിരിക്കുമാറാകട്ടെ. നമസ്കാരത്തിൽ കൃത്യനിഷ്ഠ പാലിക്കുന്നവരായി തീരുമാറാകട്ടെ. നമ്മുടെ പള്ളികൾ എപ്പോഴും നമസ്കാരക്കാരെക്കൊണ്ട് നിറ ഞ്ഞിരിക്കുമാറാകട്ടെ; അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ദിനങ്ങളിൽ നിറ ഞ്ഞിരിക്കുന്നതുപോലെ. അല്ലാഹുവിന്റെ സ്നേഹത്തെ എപ്പോഴും ആർജിച്ചുകൊണ്ടുപോകുന്നവരായിത്തീരാൻ അവൻ അനുഗ്രഹിക്കട്ടെ.

കഴിഞ്ഞ ജുമുഅയിൽ ഞാൻ ഇവിടെ

പള്ളികളെക്കുറിച്ച് ആഹ്വാനം ചെയ്തതിനെപ്പറ്റി അല്പം പറയാനാഗ്രഹിക്കുകയാണ്. ഹാട്ട്ലേപൂളിലേയും ബ്രഡ്ഫോർഡിലെയും പള്ളികൾക്കുവേണ്ടി യു.കെയിലെ നമ്മുടെ പോഷക സംഘടനകളോടു ഞാൻ പറഞ്ഞിരുന്നു. അൽഹംദുലില്ലാഹ് ഇത്ര വാഗ്ദാനം സ്വരൂപിച്ചിരിക്കുന്നുവെന്ന് അൻസാറുല്ലാഹ് ഏറ്റവുമാദ്യം വിവരം അറിയിച്ചിരിക്കുന്നു. അവർ അയച്ച അവസാന റിപ്പോർട്ടനുസരിച്ച് അവരുടെ വാഗ്ദാനം മൂന്നുലക്ഷം പൗണ്ടാണ്. കുറച്ചുപിരിഞ്ഞുകിട്ടുകയും ചെയ്തിട്ടുണ്ട്. അതും നല്ലതുതന്നെയാണ്. മാശാഅല്ലാഹ്. അൽഹംദുലില്ലാഹ്. മറ്റുപോഷക സംഘടനകളോടു ഞാൻ പറയുകയാണ്. അൻസാറുല്ലായെ വയസൻമാരെന്നു മനസ്സിലാക്കരുതെന്ന്. അവർ ചെറുപ്പക്കാരുടെ ചെറുപ്പക്കാരെന്നു സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നലെവരെ മറ്റു പോഷകസംഘടനകളിൽ നിന്നും റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല. ഇന്നലെ ഖുദ്ദാമുൽ അഹ്മദിയ്യയിൽ നിന്നും റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അവരും അഞ്ചുലക്ഷത്തിന്റെ വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നാൽ എത്രമാത്രം അൻസാറുല്ലാഹ് വാഗ്ദാനപ്പെടുത്താൻ ശ്രമിച്ചുവോ അത്രമാത്രം ആയിട്ടില്ല. ഒരു പക്ഷെ, അവർ ഒരുപാട് ടാർഗറ്റ് നിശ്ചയിച്ചിരിക്കുകയായിരിക്കാം. അതനുസരിച്ച് പിരിച്ചെടുക്കണമെന്ന് അവർ പറയുന്നു. ഇൻശാഅല്ലാഹ്. അല്ലാഹു എല്ലാവർക്കും പ്രതിഫലം നൽകുമാറാകട്ടെ.

എന്നാൽ ലജ്നയിൽ നിന്നും ഇതുവരെ ഒരറിയിപ്പും വന്നിട്ടില്ല. വാസ്തവത്തിൽ ലജ്ന എപ്പോഴും ഉത്സാഹത്തോടെ മുന്നിൽ വരുന്നവരാണ്. ഞാനിവിടെനിന്ന് ഓഫീസിൽ ചെന്നപ്പോൾ അവിടെ കിട്ടിയ ആദ്യത്തെ വാഗ്ദാനം സ്ത്രീകളുടേതായിരുന്നു. വ്യക്തിഗതമായ നിലയിൽ സ്ത്രീകൾ അവരുടെ ആഭരണങ്ങളും കൊണ്ടുകൊടുക്കുന്നു. എന്നാൽ, സംഘടന എന്ന നിലയിൽ ലജ്നയിൽ നിന്ന് ഒരു വാഗ്ദാനവും കിട്ടിയിട്ടില്ല. അതുകൊണ്ട് അവരും മുന്നോട്ടു കുതിക്കുക. കാരണം ലജ്ന സാമ്പത്തിക ത്യാഗത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒട്ടും പിന്നിലായിട്ടില്ല. ഞാൻ പ്രതീക്ഷിക്കുന്നത്, ഇപ്പോഴും പിന്നിലാകുകയില്ലെന്നാണ്. വിശദീകരിച്ച റിപ്പോർട്ട് ഉണ്ടാക്കുന്ന ശ്രമത്തിൽ താമസം വന്നതാണെന്ന് തോന്നുന്നു. എന്തായാലും ആദ്യത്തെ റിപ്പോർട്ട് വരേണ്ടതായിരുന്നു. അത് ഇതുവരെ വന്നിട്ടില്ല. ഞാൻ കഴിഞ്ഞപ്രാവശ്യവും പറഞ്ഞിരുന്നു, മസ്ജിദ് ഫസ്‌ലും ഇന്ത്യയിലെ സ്ത്രീകളുടെ ചന്ദകൊണ്ടാണ് നിർമ്മിക്കപ്പെട്ടത്. ഇപ്പോൾ നിങ്ങൾ നല്ല നിലയിലാണ്. നല്ല ഒരു പള്ളിയുടെ ചെലവ് സ്വയം വഹിക്കാൻ കഴിയുന്ന നിലയിൽ യു.കെയിലെ ലജ്ന എത്തിയിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്. അല്ലാഹു അവർക്ക് തൗഫീഖ് നല്കുമാറാകട്ടെ. എന്നാൽ, ഈ വരുന്ന തുകകൾ കേട്ടിട്ട് പ്രത്യേകിച്ച് ബ്രഡ്ഫോർട്ട് കാരോടു ഞാൻ പറയുകയാണ്, ഞങ്ങൾക്ക് ഒരുപാട് സഹായം കിട്ടി ഇനി വിശ്രമിക്കാം എന്നു കരുതരുത്. അവർ സ്വന്തം പരിശ്രമത്തിൽ നിന്ന് പിന്മാറാൻ പാടില്ല. നിങ്ങൾ തീരുമാനിച്ച പോലെതന്നെ കാര്യങ്ങൾ കൃത്യമായും നടക്കുകതന്നെ വേണം. കൂടുതൽ പണം വന്നാൽതന്നെ, മറ്റു പള്ളികൾക്ക് അതു പ്രയോജനപ്പെടുത്താവുന്നതാണ്. പള്ളികൾ എന്തായാലും നിർമ്മിക്കേണ്ടതുതന്നെയാണ്. പള്ളി നിർമ്മാണം ഒരുപ്രാവശ്യം തുടങ്ങിക്കഴിഞ്ഞാൽ ഇൻശാഅല്ലാഹ് ഇതു തുടർന്നുകൊണ്ടിരിക്കുന്നതാണ്. ഇവിടെ ഓരോ പട്ടണങ്ങളിലും ഒരു നല്ല പള്ളി നിർമ്മിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

യൂറോപ്പിൽ നമ്മുടെ 2500 പള്ളികളുണ്ടെങ്കിൽ നമ്മുടെ പുരോഗതിയുടെ ഒഴുക്ക് ഒരുപാട് ഇരട്ടിയായിത്തീരുമെന്ന് ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഒരിക്കൽ പറഞ്ഞിരുന്നു.

ജമാഅത്തിന് എത്രയും വേഗം ഈ തൗഫീഖ് കിട്ടാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

റമസാനിൽ, ഈ പള്ളികൾക്കുവേണ്ടി ത്യാഗം വരിക്കുകയും വരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും വേണ്ടി ദുആ ചെയ്യുക. അല്ലാഹു ഇവരുടെ കഴിവുകളെ വർധിപ്പിക്കുമാറാകട്ടെ.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**PHONE : 98465 02288**

**JUMUA KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 22- 10- 2004 at**
**Baithul Futuh**
**London.**

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**

**MTA** യിൽ നിന്ന് തർജമ ചെയ്തത്